**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5662** **08-07-2024 - ൽ മറുപടിയ്ക്ക്**

**സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഫയൽ നമ്പരും ഫയലിന്റെ കമ്പ്യൂട്ടർ നമ്പറും ലഭ്യമാക്കുമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ; | (എ) | ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗത്തിലെ സ്പെഷ്യൽ റൂളുകളായ കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവീസ് റൂൾസ്, കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് റൂൾസ് എന്നിവ ചട്ടങ്ങൾ പാലിച്ച് സമഗ്രമായി പരിഷ്കരിക്കുകയും, ആയത് സംബന്ധിച്ച് ബഹു ഹൈക്കോടതി മുമ്പാകെ കോടതിയലക്ഷ്യകേസ് ഉണ്ടായിരുന്നതിനാൽ കേരള നിയമസഭയുടെ സബ്ജക്റ്റ് കമ്മറ്റിയുടെ പരിഗണിയ്ക്ക് സമർപ്പിക്കാതെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി വിജ്ഞാപനങ്ങൾക്ക് സബ്ജക്റ്റ് കമ്മറ്റിയുടെ അംഗീകാരം ലഭ്യമായി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചശേഷം ഹൈക്കോടതി ഡിസ്ട്രിക്റ്റ് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറിൽ നിന്നും പുതുക്കിയ ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ സിവിൽ - ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്. |
| (ബി) | സിവിൽ -ക്രമിനൽ കോടതി ജീവനക്കാരുടെ സംയോജനം സാധ്യമാക്കുന്നതിനായി കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവീസ് റൂൾസ് 2006, കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് റൂൾസ് 1975 എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്നാണ് അരംഭിച്ചതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റൂൾ ഭേദഗതിയ്ക്ക് വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്നതിന് കാരണം വ്യക്തമാക്കാമോ; | (ബി) | സിവിൽ -ക്രമിനൽ കോടതി ജീവനക്കാരുടെ സംയോജനം സാധ്യമാക്കുന്നതിനായി കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവീസ് റൂൾസ് 2006, കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് റൂൾസ് 1975 എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ 2013 വർഷത്തിലാണ് ആരംഭിച്ചത്. 19/07/2010 ലെ 11884/ആർ1/07/ഉഭപവ എന്ന സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ കൃത്യമായി പാലിച്ചത് കൊണ്ടും, ഷെട്ടി കമ്മീഷൻ ശുപാർശകളും, വിവിധ പേ റിവിഷൻ ഉത്തരവുകളും ഉൾക്കൊള്ളിക്കുന്നതിനുള്ള സമയമാണ് വേണ്ടിവന്നത്. |
| (സി) | സംസ്ഥാനത്തെ സിവിൽ -ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജന നടപടികൾ | (സി) | ഹൈക്കോടതി ഡിസ്ട്രിക്റ്റ് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറിൽ നിന്നും പുതുക്കിയ ശുപാർശ |

| | | | |
|---|---|---|---|
| | പൂർത്തിയാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | ലഭ്യമാക്കിയശേഷം സംസ്ഥാനത്തെ സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടികൾ ചട്ടമനുസരിച്ച് സ്വീകരിക്കുന്നതാണ്. |
| (ഡി) | സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനം സാധ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറിൽ നിന്നും പുതുക്കിയ ശുപാർശ ലഭ്യമാക്കിയശേഷം സംസ്ഥാനത്തെ സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടികൾ ചട്ടമനുസരിച്ച് സ്വീകരിക്കുന്നതാണ്. |
| (ഇ) | നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി സംസ്ഥാനത്തെ സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനം എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ? | (ഇ) | ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറിൽ നിന്നും പുതുക്കിയ ശുപാർശ ലഭ്യമാക്കിയശേഷം സംസ്ഥാനത്തെ സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടികൾ ചട്ടമനുസരിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ